# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24-07-2024**

## പ്രധാനവാർത്തകൾ

1. കേന്ദ്ര ബജറ്റിന്മേലുള്ള ചർച്ച പാർലമെൻറിൽ പുരോഗമിക്കുന്നു.

2. കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി പി രാജീവ്.

3. സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പാക്കിയാൽ മാത്രമെ റെയിൽവെ വികസനം പൂർണ്ണമാകൂവെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. കേരളത്തിന് ഈ വർഷം 3,011 കോടി രൂപ വകയിരുത്തിയെന്നും മന്ത്രി.

4. ഷിരൂരിൽ ഗംഗാവാലിപുഴയ്ക്കടിയിൽ ഒരു ട്രക്ക് കണ്ടെത്തിയതായി കർണാടക റവന്യൂ മന്ത്രി. അർജുനായുള്ള തിരച്ചിൽ പുരോഗമിക്കുന്നു.

5. ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്ന സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഉത്തരവിന് ഒരാഴ്ചത്തേക്ക് സ്റ്റേ നല്കി ഹൈക്കോടതി.

6. ശ്രീലങ്കയിൽ നടക്കുന്ന വനിത ഏഷ്യാ കപ്പ് ട്വന്റി- 20 ക്രിക്കറ്റിൽ മലേഷ്യയ്ക്കെതിരെ ബംഗ്ലാദേശിന് ജയം.

RNU TVPM

************************************

## പാർലമെന്റ്

കേന്ദ്ര ബജറ്റ് സംബന്ധിച്ച ചർച്ചകൾ പാർലമെൻറിൻറെ ഇരു സഭകളിലും പുരോഗമിക്കുന്നു. തൊഴിലില്ലായ്മ, നോട്ട് നിരോധനം, നീറ്റ് വിഷയം, റെയിൽവേ അപകടങ്ങൾ, തുടങ്ങിയവ ചർച്ചയായി.

************************************

## മന്ത്രി പി രാജീവ്

കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ് കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി പി രാജീവ് അറിയിച്ചു. ജനങ്ങളുടെ ആവശ്യം മുൻനിർത്തിക്കൊണ്ടാണ് നടപടി. ഇതുപ്രകാരം 60% വരെയുള്ള വലിയ കുറവാണ് ഫീസ് നിരക്കുകളിലുണ്ടാകുക. 81 സ്ക്വയർ മീറ്റർ മുതൽ 300 സ്ക്വയർ മീറ്റർ വരെ വിസ്തീർണമുള്ള വീടുകൾക്ക് ചുരുങ്ങിയത് അൻപത് ശതമാനവും കോർപറേഷനിൽ 81 മുതൽ 150 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള വീടുകൾക്ക് 60% വും പെർമിറ്റ് ഫീസ് കുറയ്ക്കുന്ന രീതിയിലാണ് പുതിയ നിരക്ക്. 80 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങളെ പെർമ്മിറ്റ് ഫീസ് വർദ്ധനവിൽ നിന്ന് കഴിഞ്ഞവർഷം സർക്കാർ ഒഴിവാക്കിയിരുന്നു. വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ നിരക്കിലും 58% വരെ കുറവ് വരുത്തിയിട്ടുണ്ട്. പുതിയ നിരക്കുകൾ ആഗസ്റ്റ് 1 മുതൽ നിലവിൽ വരും. പെർമിറ്റ് ഫീസിലൂടെ ലഭിക്കുന്ന മുഴുവൻ വരുമാനവും തദ്ദേശ സ്ഥാപനങ്ങൾക്കാണ് ലഭിക്കുന്നതെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

RNU TVPM

************************************

## ക്യാംപസ് - മന്ത്രി പി രാജീവ്

ക്യാംപസുകളുടെ അക്കാദമിക് മികവും നിപുണതയുമാർന്ന വിഭവ ശേഷി ഉപയോഗിച്ച് നിലവിൽ വരുന്ന ക്യാംപസ്

ഇൻഡസ്ട്രിയൽ പാർക്കുകൾ ചരിത്രം സൃഷ്ടിക്കുമെന്ന് മന്ത്രി പി രാജീവ് . തിരുവനന്തപുരത്ത് ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അക്കാദമിക ലോകവും തൊഴിൽ മേഖലയും തമ്മിലുള്ള അന്തരം കുറക്കേണ്ടതുണ്ട്. ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്കും നവീന ആശയങ്ങൾ സാക്ഷാത്ക്കരിക്കാവുന്നതാണെന്ന് മന്ത്രി പറഞ്ഞു. വിദ്യാർഥികൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ-അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്ന തിനുമാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. വിനിയോഗിക്കാത്ത ഭൂമി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊപ്പം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

*********************************

## ശബരിമല വാസവൻ

ശബരിമല ദർശനത്തിനെത്തുന്ന ഭക്ത ജനങ്ങൾക്ക് സുരക്ഷിതമായ ദർശനത്തിനായി എല്ലാ ക്രമീകരണങ്ങളും എർപ്പെടുത്തുമെന്ന് ദേവസ്വം മന്ത്രി വി എൻ വാസവൻ . മണ്ഡല മകരവിളക്ക് മഹോത്സവ ക്രമീകരണങ്ങൾക്കായുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥരും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രതിനിധികളുമായി നടത്തിയ യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. നിലയ്ക്കലിൽ പതിനായിരത്തിനു മുകളിൽ വാഹനങ്ങളുടെ പാർക്കിംഗഗിന് ക്രമീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. എരുമേലിയിൽ രണ്ടായിരം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കുമെന്നും മന്ത്രി അറിയിച്ചു.

*********************************

## ശബരി റെയിൽ-മന്ത്രി- അശ്വിനി വൈഷ്ണവ്

RNU TVPM

ശബരി റെയിൽ പദ്ധതി മുന്നോട്ട് കൊണ്ടു പോകാൻ സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യമാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. പദ്ധതി ക്ഷേത്രത്തിൽ നിന്ന് 35 കിലോമീറ്റർ അകലെയാണ്. എന്നാൽ ചെങ്ങന്നൂർ മുതൽ പമ്പ വരെ നീളുന്ന പുതിയ അലൈൻമെന്റ് ക്ഷേത്രത്തിൽ നിന്ന് നാല് കിലോമീറ്റർ അകലെ വരെ എത്തിക്കുന്നതാണ്. സാധ്യതാ പഠനം നടന്നുവരുന്നതായും ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും അടൂർ പ്രകാശ് എംപിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു. വിഴിഞ്ഞം പദ്ധതിക്ക് എരുമേലി ലൈനുമായി ബന്ധമില്ലെന്നും അദ്ദേഹം പറഞ്ഞു. 459 ഹെക്ടർ ഭൂമി ആവശ്യമായിടത്ത് സംസ്ഥാന സർക്കാരിന് 62 ഹെക്ടർ സ്ഥലം മാത്രമാണ് ഏറ്റെടുക്കൽ സാധിച്ചതെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു. യുപിഎ ഭരണകാലത്തിനെ അപേക്ഷിച്ച് കേരളത്തിലെ റെയിൽ പദ്ധതികൾക്കായി നരേന്ദ്ര മോദി സർക്കാർ കൂടുതൽ തുക അനുവദിച്ചതായും അശ്വനി വൈഷ്ണവ് അറിയിച്ചു.

******************************************

RNU TVM

## അശ്വിനി വൈഷ്ണവ് - വാർത്താ സമ്മേളനം

സംസ്ഥാനങ്ങളുടെ സഹകരണം ഉറപ്പാക്കിയാൽ മാത്രമേ രാജ്യത്ത് റെയിൽവേ വികസനം പൂർണമാകൂവെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. റെയിൽവേ വികസനത്തിന് ആവശ്യമായ ഫണ്ടുകൾ വകയിരുത്തുന്നതിന് തടസ്സമില്ലെന്നും സഹകരണവും ഏകോപനവും സംസ്ഥാനങ്ങളുടെ ഭാഗത്ത് നിന്നുണ്ടായാൽ മതിയെന്നും അദ്ദേഹം പറഞ്ഞു. വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യു പി എ ഭരണകാലത്തെ ശരാശരി വാർഷിക വകയിരുത്തലിന്റെ പത്തു മടങ്ങാണ് പല ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഇപ്പോൾ അനുവദിക്കുന്നതെന്നും ശ്രീ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. കേരളത്തിനായി ഈ വർഷം 3011 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം നേമം റെയിൽവേ

ലൈൻ വിഷയം ചർച്ചയിലാണെന്ന് പറഞ്ഞ കേന്ദ്രമന്ത്രി, പാലക്കാട് ഡിവിഷൻ വിഭജനം സംബന്ധിച്ച അഭ്യൂഹങ്ങൾ തള്ളി. സമയനിഷ്ഠയുടെ കാര്യത്തിൽ ദക്ഷിണ റെയിൽവെ മുന്നിലാണെന്നും മന്ത്രി പറഞ്ഞു.

*********************************

## ഷിരൂർ - കർണാടക റവന്യൂ മന്ത്രി

ഷിരൂരിൽ ഗംഗാവലി പുഴയുടെ അടിത്തട്ടിൽ ഒരു ട്രക്ക് കണ്ടെത്തിയെന്ന് കർണാടക റവന്യൂ മന്ത്രി കൃഷ്ണ ബൈറെ ഗൗഡ. ഇവിടെ നാവിക സേനയുടെ മുങ്ങൽ വിദഗ്ദ്ധർ പരിശോധന നടത്തുമെന്ന് മന്ത്രി അറിയിച്ചു. ഇത് കാണാതായ കോഴിക്കോട് സ്വദേശി അർജുന്റെ ലോറിയാണെന്നാണ് റിപ്പോർട്ടുകൾ. ലോംഗ് ആം ബൂമർ എക്സ്കവേറ്റർ നദിയിൽ മണ്ണ് മാറ്റാൻ ഉപയോഗിക്കുന്നുണ്ട്. തെരച്ചിലിനായി ആധുനിക സംവിധാനമാണ് ഉപയോഗിക്കുന്നത്. അതേസമയം നദിയിൽ കാണാതായ മൃതദേഹങ്ങൾക്കായി തീരസംരക്ഷണ സേനയുടെ ഹെലികോപ്റ്റർ തിരച്ചിൽ നടത്തും. നദിയിലെ കുത്തൊഴുക്ക് മുങ്ങൽ വിദഗ്ദ്ധരുടെ പരിശോധനയ്ക്ക് തടസം സൃഷ്ടിക്കുന്നുണ്ടെന്നും റിപ്പോർട്ടുണ്ട്.

*********************************

## കരുവന്നൂർ പാലം മന്ത്രി ആർ ബിന്ദു

തൃശൂർ കരുവന്നൂർ പാലത്തിൽ വയർ ഫെൻസിംഗ് യഥാർത്ഥ്യമാകുന്നു. പാലത്തിൻ്റെ അരികുവശങ്ങളിൽ വയർ ഫെൻസിംഗ് സ്ഥാപിച്ച് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ ഇന്ന് ആരംഭിച്ചു. ആത്മഹത്യകൾ കൂടിവരുന്നത് ഏറെ ഗൗരവത്തോടെ കാണുന്നുവെന്നും പാലത്തിൽ നിന്നും പുഴയിലേക്ക് ചാടിയുള്ള ആത്മഹത്യകൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ കെ.എസ്.ടി.പി ഉദ്യോഗസ്ഥർക്ക്

RNU TVPM

നേരത്തെ നല്കിയിരുന്നതായും മന്ത്രി ആർ ബിന്ദു പറഞ്ഞു. കരുവന്നൂർ പാലത്തിനെ ആത്മഹത്യാമുനമ്പാക്കാൻ അനുവദിക്കില്ല. സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

*********************************

## ഹേമ കമ്മീഷൻ റിപ്പോർട്ട്

ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്ന സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ ഉത്തരവിന് ഒരാഴ്ചത്തേക്ക് സ്റ്റേ അനുവദിച്ച് കേരള ഹൈക്കോടതി. ഇന്ന് റിപ്പോർട്ട് പുറത്തു വിടാനിരിക്കെയാണ് സ്റ്റേ വന്നത്. നാളെയായിരുന്നു റിപ്പോർട്ട് പുറത്തുവിടാൻ വിവരാവകാശ കമ്മീഷൻ നൽകിയ അവസാന തീയതി. ചലച്ചിത്ര നിർമ്മാതാവ് സജിമോൻ പാറയിൽ നൽകിയ ഹർജിയിലാണ് ഇടക്കാല ഉത്തരവ്.റിപ്പോർട്ട് പരസ്യമാക്കുന്നത് കമ്മീഷനിൽ മൊഴി നൽകിയ വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുമെന്ന് ഹർജിക്കാരൻ വാദിച്ചു. രഹസ്യസ്വഭാവം ഉറപ്പാക്കുമെന്ന വാഗ്ദാനപ്രകാരമാണ് മൊഴി നൽകിയത്. ചില ഭാഗങ്ങൾ ഒഴിവാക്കിയാലും, സിനിമ വ്യവസായം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ നിരുപദ്രവകരമായ വിശദാംശങ്ങൾ പോലും വ്യക്തിയെ തിരിച്ചറിയാൻ ഇടയാക്കുമെന്ന് ഹർജിക്കാൻ വാദമുയർത്തി.

*********************************

## ജൈവവൈവിധ്യ രജിസ്റ്റർ ... INTRO

കേരളത്തിൽ ആദ്യമായി ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കിയ വയനാട് എടവക ഗ്രാമ പഞ്ചായത്ത് പുതുക്കിയ രജിസ്റ്റർ പുറത്തിറക്കി.

RNUTVPM

ഏതാണ്ട് ഒന്നര വർഷത്തോളം നീണ്ട വാർഡ് തല, പഞ്ചായത്ത് തല സർവ്വേകളിലൂടെയും ക്രോഡീകരണത്തിലൂടെയുമാണ് രജിസ്റ്ററിന്റെ വിവരശേഖരണം പൂർത്തിയാക്കിയത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാപ്രതിനിധി അരുൺ വിൻസെൻറ്.......**

**(വോയ്സ്)**

***********************************

## ഏഷ്യാ കപ്പ്

ശ്രീലങ്കയിൽ നടക്കുന്ന വനിത ഏഷ്യാ കപ്പ് ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ന് ഉച്ചയ്ക്ക് നടന്ന മത്സരത്തിൽ മലേഷ്യയ്ക്കെതിരെ ബംഗ്ലാദേശിന് 114 റൺസിന് ജയം. ബംഗ്ലാദേശിൻറെ 192 എന്ന വിജയലക്ഷ്യം പിന്തുടർന്ന മലേഷ്യയ്ക്ക് 8 വിക്കറ്റ് നഷ്ടത്തിൽ 77 റൺസേ നേടാനായുള്ളൂ. 2 വിക്കറ്റ് നഷ്ടത്തിൽ 191 റൺസാണ് ബംഗ്ലാദേശിൻറെ നേട്ടം. ഇന്ന് രാത്രി 7 ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക തായ് ലൻഡിനെ നേരിടും.

RNU TVPM

***********************************

## പാരിസ് ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൽ പുരുഷ ഫുട്ബോൾ, റഗ്ബി മത്സരങ്ങൾക്ക് തുടക്കം. മറ്റന്നാൾ ആണ് ഒളിമ്പിക്സിന്റെ ഔദ്യോഗിക ഉദ്ഘാടനം. ഫുട്ബോളിൽ അർജന്റീനയും മൊറോക്കോയും തമ്മിലാണ് ആദ്യ പോരാട്ടം. രണ്ടാം മത്സരത്തിൽ ഉസ്ബെക്കിസ്ഥാൻ സ്പെയിനിനെ നേരിടുകയാണ്. അമ്പെയ്ത്ത് മത്സരങ്ങൾക്ക് നാളെ തുടക്കമാകും.

***********************************

## ദേശീയപാത 66- നിതിൻ ഗഡ്കരി

റോഡ് നിർമ്മാണ പ്രവർത്തനത്തിനിടെ മുക്കാളി, മടപ്പള്ളി, വിയ്യൂർ മല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഉണ്ടായ മണ്ണിടിച്ചിലിൽ കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടു. മണ്ണിടിച്ചിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാണെന്ന് ചൂണ്ടിക്കാട്ടി ഷാഫി പറമ്പിൽ എം പി നിവേദനം നൽകിയതിന് പിന്നാലെയാണ് മന്ത്രി ദേശീയ പാതാ അതോറിറ്റിയോട് റിപ്പോർട്ട് തേടിയത്. മണ്ണിടിഞ്ഞുവീണ പ്രദേങ്ങളിലെ ഫോട്ടോകളും വീഡിയോ ദൃശ്യങ്ങളും ഷാഫി പറമ്പിൽ മന്ത്രിക്ക് കൈമാറിയിരുന്നു. കേരളത്തിലെ പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്ത സോയിൽ നെയ്‌ലിംഗ് സാങ്കേതികവിദ്യയാണ് നിലവിൽ ദേശീയ പാത നിർമാണത്തിൽ പിന്തുടരുന്നതെന്നും അതിന് ബദൽ മാർഗ്ഗം കണ്ടെത്തി റോഡിന്റെ ഇരുവശങ്ങളും സുരക്ഷിതമാക്കേണ്ടതുണ്ടെന്നും എം പി മന്ത്രിയോട് ആവശ്യപ്പെട്ടു.

RNU TVPM

************************************

## വി.മുരളീധരൻ

ഏതൊരു പൌരനും ഈ രാജ്യത്ത് എവിടേയും തൊഴിൽ ചെയ്യാനുള്ള അവകാശം ഭരണഘടന നൽകുന്നുണ്ടെന്ന് മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ. തൊഴിൽ മേഖലയിൽ കർണാടക സ്വദേശികൾക്ക് സംവരണം ഉറപ്പാക്കുന്ന ഐ എൻ ഡി ഐ സഖ്യ സർക്കാരിന്റെ നീക്കം ഭരണഘടനാവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

************************************************************************************************************